International Year
of Cooperatives
Cooperatives Build a Better World

RCS/3317/2025-AEL(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 14-03-2025

# സർക്കുലർ നമ്പർ 12/2025

വിഷയം: സഹകരണ വകുപ്പ് – കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡവലപ്മെന്റ് ബാങ്ക് ആക്ട് 1984 – Chapter V വകുപ്പ് 19 – ആർബിട്രേഷൻ നടപടി ഒഴിവാക്കി എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനു -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം: കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡവലപ്മെന്റ് ബാങ്ക് ആക്ട് 1984

മേൽ സൂചന ആക്ടിലെ Chapter V വകുപ്പ് 19 അനുസരിച്ച് പ്രാഥമീക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ കുടിശ്ശികയായ വായ്പകൾക്ക് ഈട് വച്ചിരിക്കുന്ന ഗഹാൻ/ മോർട്ട്ഗേജ് / ഹൈപ്പോത്തിക്കേഷൻ എന്നിവയിൽ കോടതി ഇടപെടൽ കൂടാതെ തന്നെ എക്സിക്യൂഷൻ നടപടി സ്വീകരിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചില പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ സെയിൽ ഓഫീസർമാർ കുടിശ്ശികയായ വായ്പയിൽ മേൽ എക്സിക്യൂഷൻ നടപടി സ്വീകരിച്ച് മുന്നോട്ട് പോകുമ്പോൾ സഹകരണ വകുപ്പിലെ വിവിധ തലങ്ങളിലുള്ള ഓഫീസുകളിൽ ഇതേ കേസുകളിന്മേൽ ആർബിട്രേഷൻ കേസ്സുകൾ ഫയലിൽ സ്വീകരിക്കുന്നതായും ഇതുമൂലം മേപ്പടി ബാങ്കിന്റെ എക്സിക്യൂഷൻ നടപടികൾ വൈകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനോ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കോ എതിരെ 1969 ലെ സഹകരണ നിയമം വകുപ്പ് 69 പ്രകാരമുള്ള ആർബിട്രേഷൻ കേസുകൾ ഫയലിൽ സ്വീകരിക്കുന്നത് 1984 ലെ കേരള സ്റ്റേറ്റ് കോ-

ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡവലപ്മെന്റ് ബാങ്ക് ആക്ടിലെ 19 (1) ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകയാൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ( അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ) എന്നിവർ ഇത്തരത്തിലുള്ള ആർബിട്രേഷൻ കേസുകൾ ഫയലിൽ സ്വീകരിക്കരുതെന്ന് ഇതിനാൽ നിർദേശിക്കുന്നു.

(ഒപ്പ്)
ഡോ. ഡി. സജിത് ബാബു ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   **(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)**
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   **(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)**
8. സ്റ്റോക്ക് ഫയൽ
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
12. സ്പെയർ

//ആജ്ഞാനുസരണം//

**Signed by Jayaprakash N R**
**Date: 15-03-2025 11:44:50**
അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)